(സി) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ ടി വിഷയം സംബന്ധിച്ച് പഠനം നടത്തിയിട്ടില്ല. ഹൈദ്രാബാദ് ആസ്ഥാനമായി പ്രവർത്തിക്കുന്ന നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് മുഖേന 0-5 വയസ്സ് വരെ പ്രായത്തിലുള്ള കുട്ടികളുടെ ഫോട്ടോ, ത്വക്കം, ഉയരം ഇവയെടുത്ത് ന്യൂട്രിഷണൽ സ്റ്റാറ്റസ് വിലയിരുത്തിയതിൽ കടുത്ത പോഷകാഹാരക്കുറവുള്ളതായി കണ്ടെത്തിയ 200 കുട്ടികൾക്ക് അഗളി സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിലും, കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിലും ന്യൂട്രിഷണൽ റീഹാബിലിറ്റേഷൻ സെന്ററിലും അധിക പോഷണ പരിചരണം നൽകിവരികയാണ്.

(ഡി) ശിശുമരണങ്ങൾ തടയുന്നതിന് കൈക്കൊണ്ടനടപടികൾ നിയമസഭയെ അറിയിച്ചിട്ടുണ്ട്.

(ഇ & എഫ്) മാസം തികയാതെയുള്ള ജനനം, തനുലമുള്ള ന്യുമോണിയ, ശ്വാസതടസ്സം, ജന്മനായുള്ള ഹൃദയതകരാർ, തലച്ചോറിന്റെ വളർച്ച കുറവ് തുടങ്ങിയ കാരണങ്ങളാൽ 13 ശിശുമരണങ്ങൾ ഈ വർഷം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഗർഭിണികളായ സ്ത്രീകളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും കൗമാരക്കാരായ പെൺകുട്ടികളുടെയും ആരോഗ്യ സംരക്ഷണത്തിനായി വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ടുള്ള കർശന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

അട്ടപ്പാടിയിലെ ഏകോപന സമിതി

354 (694) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അട്ടപ്പാടിയിലെ സർക്കാർ പദ്ധതികളുടെ ഏകോപനത്തിന് ജനപ്രതിനിധികൾ അടങ്ങുന്ന ഏകോപന സമിതി രൂപീകരിച്ചിട്ടുണ്ടോ ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത ഏകോപനസമിതിയ്ക്ക് എന്തെല്ലാം അധികാരങ്ങൾ നൽകിയിട്ടുണ്ട് ; വിശദമാക്കാമോ ;

(സി) അട്ടപ്പാടി സന്ദർശിച്ച മന്ത്രിമാരുടെ റിപ്പോർട്ട് മന്ത്രിസഭ ചർച്ച ചെയ്യുകയുണ്ടായോ ; ഉണ്ടെങ്കിൽ അതിനെ തുടർന്ന് എടുത്ത തീരുമാനങ്ങൾ എന്തെല്ലാമാണ് ; അവയിൽ നടപ്പിലാക്കിയവ ഏതൊക്കെ ; നടപ്പിലാക്കിയിട്ടില്ലാത്തവ ഏതൊക്കെ ;

(ഡി) അട്ടപ്പാടിയിലെ ഗിരിവർഗ്ഗക്കാർക്ക് സാമ്പത്തിക ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് ടഷറി നിയന്ത്രണ വ്യവസ്ഥകളിൽനിന്നും ഒഴിവാക്കിക്കൊണ്ട് ഗവ. ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ഒറ്റപ്പാലം സബ്കളക്ടർ കൺവീനറും എം.പി., എം.എൽ.എ, ജില്ലാ/ബ്ലോക്ക്/ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർ എന്നിവരടങ്ങുന്ന ഒൻപതംഗ ഏകോപന സമിതി രൂപീകരിക്കുവാൻ തീരുമാനിച്ചു

(സി) മന്ത്രിസഭാ തീരുമാനങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ഡി) അട്ടപ്പാടിയിലെ ഗിരിവർഗ്ഗക്കാർക്ക് സാമ്പത്തിക ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് പ്രത്യേകമായി ട്രഷറി നിയന്ത്രണങ്ങളൊന്നുമില്ല.

അട്ടപ്പാടിയിലെ ആദിവാസി ജനങ്ങളുടെ ആരോഗ്യ സംരക്ഷണം

355 (695) ശ്രീ. എ. കെ. ബാലൻ :
ശ്രീമതി കെ. എസ്. സലീഖ:
ശ്രീമതി കെ. കെ. ലതിക :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അട്ടപ്പാടി ആദിവാസി മേഖലയിൽ ഇപ്പോഴുള്ള ഗർഭിണികളിൽ ഭൂരിപക്ഷവും ഗുരുതരമായ വിളർച്ചരോഗം ബാധിച്ചവരാണെന്നും ഇക്കാരണത്താൽ ഇനിയും ശിശുമരണങ്ങൾ വർദ്ധിക്കാൻ ഇടയുണ്ടെന്നുമുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ആദിവാസി മേഖലയിലെ ഗർഭിണികൾക്കും കുട്ടികൾക്കും ആരോഗ്യ സംരക്ഷണത്തിനായി പോഷകാഹാരം വിതരണം ചെയ്യുവാനുദ്ദേശിച്ചുള്ള പദ്ധതികളിലെ പണം ഇടനിലക്കാർ തട്ടിയെടുക്കുന്നതായ ആക്ഷേപം സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ;

(സി) ശിശുക്കളുടെയും ഗർഭസ്ഥ ശിശുക്കളുടെയും മരണങ്ങൾ ഉടനുന്നത് മൂലം അട്ടപ്പാടി മേഖലയിലെ ആദിവാസികൾ ഭീതിയിലാണ് കഴിയുന്നതെന്ന വസ്തുത അറിയാമോ ;

(ഡി) പല പദ്ധതികളുടെയും ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥർക്കിടയിലെ നിസ്സഹരണവും പരസ്പരധാരണയായില്ലായ്മയും നിമിത്തം ആദിവാസികളുടെ ജീവിതം ദുരിതപൂർണ്ണമാവുകയാണെന്ന് മനസ്സിലാക്കിയിട്ടുണ്ടോ ?